## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6786.** **13.07. 2012-ൽ മറുപടിയ്ക്ക്**

## ഭക്ഷ്യ സാധന നിർമ്മാണ-വിപണന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ഭക്ഷ്യ സുരക്ഷ ഗുണനിലവാര നിയമപ്രകാരം ഭക്ഷ്യ സാധനങ്ങൾ നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്ന സംസ്ഥാനത്തെ സ്ഥാപനങ്ങൾ എല്ലാം രജിസ്റ്റർ ചെയ്തതായി ഉറപ്പാക്കിയിട്ടുണ്ടോ; | (എ)<br>&<br>(ബി) | 2006 ലെ ഫുഡ് സേഫ്റ്റി ആക്ട് പ്രകാരവും 2011-ലെ ഫുഡ് സേഫ്റ്റി (ലൈസൻസിങ് ആന്റ് റെഗുലേഷൻ) പ്രകാരവും സംസ്ഥാനത്ത് ഭക്ഷണ സാധനങ്ങൾ നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും റെഗുലേഷൻ അനുശാസിക്കുംവിധം രജിസ്റ്റർ ചെയ്യുകയോ ലൈസൻസ് എടുക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ഈ വ്യവസ്ഥകൾ പ്രകാരം റെജിസ്ട്രേഷൻ/ലൈസൻസുകൾ എടുക്കുവാൻ 2012 ആഗസ്റ്റ് 5 വരെ സമയം അനുവദിക്കണമെന്ന് ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ എല്ലാ സംസ്ഥാനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്ത് ഇത്തരത്തിലുള്ള മുഴുവൻ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തതായോ ലൈസൻസ് എടുത്തതായോ കണക്കാക്കുവാൻ ഇപ്പോൾ സാധ്യമല്ല. |
| (ബി) | രജിസ്റ്റർ ചെയ്തു ലൈസൻസ് വാങ്ങാതെ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ | | |

| | | | |
|---|---|---|---|
| (സി) | രജിസ്ട്രേഷന്റെ പരിധിയിൽ നിന്ന് ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; | (സി) | 2011 - ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ലൈസൻസിംഗ് ആന്റ് റെഗുലേഷനിലെ വ്യവസ്ഥയിൽ നിന്നും ഒരുസ്ഥാപനത്തെയും ഒഴിവാക്കിയിട്ടില്ല. |
| (ഡി) | നിയമം നടപ്പിലാക്കിയതിനു ശേഷം നിർദ്ദിഷ്ട ഗുണനില വാരം ഇല്ലാത്ത ഭക്ഷണം വിറ്റ എത്ര പേർക്കെതിരെ നിയമാനുസൃതമായി കേസെടുക്കുകയുണ്ടായി; | (ഡി) & (ഇ) | ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ എടുക്കുന്നതിന് ബന്ധപ്പെട്ടവർക്ക് 2012 ആഗസ്റ്റ് 5 വരെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ നിയമാനുസൃത ഇളവ് അനുവദിച്ചിട്ടുള്ളതിനാൽ പ്രസ്തുത സമയ പരിധിക്ക് ശേഷം മാത്രമേ ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് നേരേ പിഴ ഈടാക്കുവാനും ശിക്ഷണ നടപടികൾ സ്വീകരിക്കുവാനും സാധിക്കുകയുള്ളു. |
| (ഇ) | ലൈസൻസ് എടുക്കാത്തതിന്റെ പേരിൽ എത്ര പേർക്കെതിരെ പിഴയിടുകയുണ്ടായി? | | |

സെക്ഷൻ ഓഫീസർ